കായംകുളം നിയമസഭാ മണ്ഡലത്തിലെ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

266 (1707) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2013-14-ൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് എത്ര കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ടെണ്ടർ ക്ഷണിച്ചു ;

(ബി) അതിൽ എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തു ; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു ;

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ (2014-15) ഒരു പ്രവൃത്തിപോലും ടെണ്ടർ ചെയ്തിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത് ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ്. ടെണ്ടർ മുഖേന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല. കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2013-14 ൽ 11 കുളങ്ങൾ പുനരുദ്ധരിക്കാനുള്ള അനുമതി ലഭിച്ചതിൽ 5 കുളങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 2014-15-ലെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

നെടുമ്പന ഇരവിപുരം കൃഷിഭവനുകളുടെ നിയന്ത്രണ അധികാര വിഭജനം

267 (1708) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് നെടുമ്പന ഗ്രാമപഞ്ചായത്തിനെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തുകയും, പകരമായി പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുവെങ്കിലും പൂയപ്പള്ളി കൃഷി ഭവൻ ഇപ്പോഴും കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലാണെന്ന വസ്തുത ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് നെടുമ്പന കൃഷി ഭവനെ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും, പൂയപ്പള്ളി കൃഷി ഭവനെ ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും ഉൾപ്പെടുത്തി ഉത്തരവാകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക

268 (1709) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നല്കിവരുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇക വെട്ടിക്കുറച്ചത് കർഷകർക്ക് ആശ്വാസകരമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വെട്ടിക്കുറച്ച ഇകയ്ക്കു പുറമേ അധിക ഇക നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)-നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly